# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. **6110**</u>

**<u>02.04.2018</u>** <u>ൽ മറുപടിക്ക്</u>

### <u>പാറഖനനം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) | കേരളത്തിൽ പലയിടത്തും അനുമതിയില്ലാതെ അനധികൃതമായ പാറഖനനം നടത്തുന്നതിനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേരളത്തിൽ ചിലയിടങ്ങളിൽ അനുമതിയില്ലാതെ അനധികൃതമായ പാറഖനനം നടത്തുന്നതിനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ഖനനം കണ്ടെത്തുമ്പോൾ തന്നെ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നിർത്തിവയ്പിക്കുകയും അനധികൃത ഖനനത്തിനെതിരെ നടപടി സ്വീകരിക്കുന്നുമുണ്ട്. ജില്ലാ ജിയോളജി ഓഫീസിനു പുറമെ കേരള മിനറൽ സ്ക്വാഡുകളും അനധികൃത ഖനനം തടയുന്നതിന് സ്ഥലപരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | അനധികൃത പാറഖനന ഭീഷണിക്കെതിരെ സംസ്ഥാനത്ത് എവിടെയൊക്കെയാണ് ജനകീയ സമരങ്ങൾ നടക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) തിരുവനന്തപുരം ജില്ലയിൽ മുക്കുന്നിമല കേന്ദ്രീകരിച്ച്, പുറമ്പോക്ക്-പട്ടയ ഭൂമിയിൽ നടക്കുന്ന ക്വാറികൾക്കെതിരെ ജനകീയസമരം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ഖനനത്തിനെതിരെ സർക്കാർ കർശന നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ജനകീയ സമരങ്ങൾ ശക്തമായി ഇപ്പോൾ ഉയർന്നു വരാറില്ല. പ്രദേശത്തെ അനധികൃത ഖനനം തടയുന്നതിന്റെ ഭാഗമായി വിജിലൻസ് ഡിപ്പാർട്ട്മെന്റും മൈനിംഗ് & ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലും റവന്യൂ പഞ്ചായത്ത് അധികാരികളുടെ സാന്നിദ്ധ്യത്തിലും മുക്കുന്നിമല അളന്ന് തിട്ടപ്പെടുത്തി നടപടി സ്വീകരിച്ചു വരികയാണ്. നിയമപ്രകാരം പ്രവർത്തിക്കാൻ കഴിയുന്ന ക്വാറികൾ മാത്രമേ ടി സ്ഥലത്ത് നിലവിൽ പ്രവർത്തിക്കുന്നുള്ളൂ. |
| (സി) | അനധികൃത പാറഖനനം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരങ്ങൾ അറിയിക്കാമോ; | (സി) അനധികൃത ക്വാറി പ്രവർത്തനം നടക്കുന്നതായി റിപ്പോർട്ട് ചെയ്യുകയും ശ്രദ്ധയിൽപ്പെടുകയും ചെയ്യുന്ന സ്ഥലങ്ങളിൽ പരിശോധന നടത്തുകയും സ്റ്റോപ്പ് മെമ്മോ നൽകി ഖനനം നിർത്തി വയ്പിക്കുകയും കെ.എം.എം.സി. ചട്ടപ്രകാരമുള്ള തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. കൂടാതെ അനധികൃത ഖനനം നടത്തുന്നവരിൽ നിന്നും റോയൽറ്റി, വില, പിഴ എന്നിവ ഈടാക്കുകയും ഡിമാന്റ് നോട്ടീസ് പ്രകാരം റോയൽറ്റി, വില പിഴ എന്നിവ ഒടുക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച |

| | | | |
|---|---|---|---|
| | | | വരുന്നുമുണ്ട്. അനധികൃത ഖനനവും കടത്തും തടയുന്നതിന് മിനറൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും ആയത് കാര്യക്ഷമമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (ഡി) | ചരിത്രപ്രാധാന്യമുള്ള ഇടങ്ങളിലെ പാറ ഖനനം നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ചരിത്ര പ്രാധാന്യമുള്ള ഇടങ്ങളിൽ നിലവിൽ പാറഖനനം നടക്കുന്നില്ല. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമവിധേയമായി നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ഖനനത്തിന് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ വളരെ കർശനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | ഖനനാനുമതി നൽകുന്നതിനുള്ള നടപടികൾ വളരെ കർശനമാക്കുന്നതിന് നടപടി സ്വീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായാണ് നിലവിൽ ഖനനാനുമതി നൽകുന്നത്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനം അനുവദിക്കുന്ന ഡി & ഒ ലൈസൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് അനുവദിക്കുന്ന കൺസന്റ്, എക്സ്പ്ളോസീവ് ലൈസൻസ്, പരിസ്ഥിതി ക്ലിയറൻസ്, അംഗീകരിച്ച മൈനിംഗ് പ്ലാൻ എന്നിവയും ഖനനാനുമതി ലഭിക്കുന്നതിന് നിർബന്ധമാണ്. |
| (എഫ്) | വിഴിഞ്ഞം പദ്ധതിയുടെ പേരിൽ അനധികൃത ഖനനത്തിനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതികൾ വല്ലതും ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (എഫ്) | വിഴിഞ്ഞം പദ്ധതിയുടെ പേരിൽ അനധികൃത ഖനനത്തിനുള്ള ശ്രമം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടില്ല. |

Bindu T

**സെക്ഷൻ ഓഫീസർ**